പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1275 — 13/12/2012 ൽ മറുപടിയ്ക്ക്

**റീസർവ്വേ സർക്കാർ ഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്തിയത് പുനഃപരിശോധിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീ സർവ്വേ സർക്കാർ ഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) 31/10/2012 ലെ സർക്കാർ ഉത്തരവ് (കൈ) 409/12/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ സർക്കാർ ഭൂമിയിലും, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമാക്കി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരമൊരു തീരുമാനമെടുക്കാൻ കാരണമെന്താണെന്ന് അറിയിക്കാമോ; | (ബി) ബഹു.മുഖ്യമന്ത്രിയുടെ 2011 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ റീസർവ്വെ സംബന്ധിച്ച ധാരാളം പരാതികളും ഹർജികളും ഇനിയും തീർപ്പുകല്പ്പിക്കുവാൻ അവശേഷിക്കുന്നതായും, റീസർവ്വെ കഴിഞ്ഞതിനുശേഷം കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനും കഴിയുന്നില്ല എന്നും ചൂണ്ടികാണിച്ച് അനേകം പരാതികൾ ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ ലഭിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിനു പരാതികളും ഹർജികളും ഉണ്ടാവുകയും ചെയ്തു. സംസ്ഥാനത്ത് റീസർവ്വെ നടത്തിയതിന്റെ ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് ഇനിയും റീസർവ്വേ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റീസർവ്വെ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് മാത്രം സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ റീസർവ്വെ, നടത്താവുന്നതാണെന്നും തീരുമാനിക്കുകയും ചെയ്തു.

| | |
|---|---|
| (സി) പ്രസ്തുത തീരുമാനം ഭൂമികേരളം പരിപാടിയെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) ബാധിക്കുമെന്ന് കരുതുന്നില്ല. |
| (ഡി) എങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ? | |

സെക്ഷൻ ഓഫീസർ